# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

മുൻ ആരോഗ്യവകുപ്പമന്ത്രി മറുപടി പറയേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.739

10.02.2016 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## മരുന്നു വാങ്ങിയതിൽ വരുത്തിയ കടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.എസ്.ശർമ്മ : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) മരുന്നു വിതരണക്കാർക്ക് നൽകാനുള്ള കടിശ്ശികയെത്രയെന്ന് അറിയിക്കുമോ; ഇതു മരുന്നു വിതരണത്തെ ബാധിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) മരുന്നു വിതരണക്കാർക്ക് നൽകാനുള്ള കടിശ്ശിക 121.98 കോടി രൂപയാണ്. മരുന്നു വിതരണവുമായി ബന്ധപ്പെട്ട് കടിശ്ശികയുണ്ടെങ്കിലും ഇത് മരുന്നു വിതരണത്തെ ബാധിച്ചിട്ടില്ല. |
| (ബി) മരുന്നു വിതരണത്തിനായി മദ്യത്തിനു മേൽ ഏർപ്പെടുത്തിയ സെസ് വഴി ലഭിച്ച തുക മുഴുവൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു കൈമാറിയിട്ടുണ്ടോ; ആകെ എത്ര തുക ഈ ഇനത്തിൽ ലഭിച്ചെന്നും അതിൽ എത്ര തുക കോർപ്പറേഷനു കൈമാറിയെന്നും അറിയിക്കാമോ ; | (ബി) തുകയൊന്നും കൈമാറിയിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം '0040-00-102-93 Medical Cess on Sales Tax Payable by Kerala State Beverages Corporation Ltd.' എന്ന ശീർഷകത്തിൽ ആകെ 11,100/- രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) മരുന്നു വാങ്ങാൻ നല്കിയ ദർഘാസുകളിൽ ഏക ദർഘാസുകൾ ഏതൊക്കെ യാണെന്നും അത്തരം കേസുകളിൽ പുനർ ദർഘാസ് ക്ഷണിക്കുകയുണ്ടായോ എന്നും അറിയിക്കാമോ; പുനർ ദർഘാസ് ക്ഷണിച്ചില്ലെങ്കിൽ കാരണം അറിയിക്കാമോ; | (സി) സംസ്ഥാന ആരോഗ്യവകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും അതത് വകുപ്പ് മേധാവികൾ മുഖേന സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ടെണ്ടർ നടപടി ക്രമങ്ങളിലൂടെ സംഭരിച്ചാണ് അതത് ആശുപത്രികൾക്ക് നൽകി വരുന്നത്. മൂന്ന് ടെണ്ടറുകളായാണ് ക്ഷണിക്കുന്നത്. |

| | |
|---|---|
| | 1. മരുന്നുകൾ (ശീതീകരണ സംവിധാനം ആവശ്യമുള്ളവ & പ്രത്യേക ശീതീകരണ സംവിധാനം ആവശ്യമില്ലാത്തവ)<br>2. അനുബന്ധ ഉൽപ്പന്നങ്ങൾ (Medical devices, Blood Diagnostic kits & Reagents, Consumables, Disinfectants & Chemicals, Surgical Sutures, X-Ray Films and Accessories)<br>3. കാൻസർ രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ<br><br>വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾ റീ-ടെണ്ടർ ചെയ്യാറുണ്ട്. അതിൽ യോഗ്യതയുള്ള വിതരണക്കാരെ ലഭിച്ചാൽ അവർക്ക് വിതരണ ഓർഡറുകൾ നൽകാറുണ്ട്. കാൻസർ രോഗ ചികിത്സയ്ക്കാവശ്യമായ 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളുമാണ് നടപ്പ് സാമ്പത്തിക വർഷം ടെണ്ടർ ചെയ്തത് |
| (ഡി) കുടിശ്ശിക വരുത്തിയതു കാരണമാണോ നിരവധി മരുന്നുകൾക്ക് ആവർത്തിച്ച് ദർഘാസ് നൽകിയിട്ടും വിതരണക്കാരെ ലഭിക്കാതിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തായിരുന്നു കാരണമെന്ന് അറിയിക്കാമോ? | (ഡി) കുടിശ്ശിക നൽകാനുണ്ടെന്ന കാരണത്താൽ മാത്രം മരുന്നു കമ്പനികൾ കോർപ്പറേഷന്റെ ദർഘാസുകളിൽ പങ്കെടുക്കാതിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ